## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **04-10-2021 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികളെല്ലാം സംസ്ഥാന തലത്തിലാണ് നടപ്പാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം പൊതുവിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുസരിച്ച് കോവിഡ് കാലത്ത് 92,000ത്തിലധികം വരുന്ന കാർഡുടമകൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തി. കൂടാതെ, PHH, AAY(മുൻഗണന) കാർഡുകൾക്ക് PMGKAY അരി, ഗോതമ്പ് എന്നിവ സർക്കാർ നിശ്ചയിച്ച തോതിൽ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 880 NPI കാർഡുകളും 108 AAY കാർഡുകളും 2009 PHH കാർഡുകളും 3589 NPS കാർഡുകളും 10363 NPNS കാർഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | മേൽ പദ്ധതികൾക്ക് പുറമേ അർഹതയില്ലാത്ത AAY,PHH,NPS കാർഡുകൾ കൈവശം വച്ചിരുന്ന 1190 ലധികം കാർഡുടമകളെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ അർഹരായ 81 പേർക്ക് AAY കാർഡും, 741 പേർക്ക് PHH കാർഡും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ